**672**

*രീതി: ഇത്രത്തോളം യഹോവ*

ഇന്നയോളം ദൈവമെന്നെ നടത്തി
ഇന്നയോളം ദൈവമെന്നെ പാലിച്ചു
ഇന്നയോളം ധരേ കാത്തുസൂക്ഷിച്ചതാൽ
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ-

1 ഘോരമായ കാറ്റിനാൽ വലഞ്ഞപ്പോൾ
ഭാരത്താലെൻ മാനസം തകർന്നപ്പോൾ
സാരമില്ലെന്നോതി തന്റെ മാറിനോടണച്ചതാൽ
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ-

2 കൂരിരുളിലായി ഞാൻ വലഞ്ഞപ്പോൾ
വേദനകളാലെ ഞാൻ കരഞ്ഞപ്പോൾ
തൻകരങ്ങളാലെ എന്നെ ആശ്വസിപ്പിക്കുന്നതാൽ
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ-

3 പാരിലെന്റെ വാസം തീർന്നു വേഗത്തിൽ
നേരിലെന്റെ പ്രിയനെ ഞാൻ കണ്ടിടും
തീരുമേയെന്നാളിലെന്റെ സർവ്വദു:ഖഭാരവും
നന്ദിയോടെ എന്നുമെന്നും വാഴ്ത്തും ഞാൻ- **M.J.P.**